# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 മാർക്ക് - 50

10.30AM-12.30PM **STD - XII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക 1x 5=5

1. വിശ്വാസത്തിന്റെ സംശുദ്ധ സാക്ഷാത്ക്കാരമായി ആരെയാണ് സഭ വണങ്ങുന്നത്.

   1. വിശുദ്ധരെ 2. മറിയത്തെ 3. മാലാഖമാരെ

2. മനുഷ്യമഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്നവരാണ്

   1. കമ്മ്യൂണിസ്റ്റുകാർ 2. ഹ്യൂമനിസ്റ്റുകൾ 3.യുക്തിവാദികൾ

3. പന്തക്കോസ്തു വിഭാഗം ബൈബിളിലെ എത്ര പുസ്തകങ്ങൾ അംഗീകരിക്കുന്നു.

   1. 76 2. 65 3. 66

4. ഏത് ഭരണാധികാരിയേയും അപജയത്തിലേക്ക് നയിക്കുന്നത്

   1. ദ്രവ്യാസക്തി 2. അധികാരമോഹം 3.സ്വാർത്ഥത

5. വിദേശ വസ്തു ബഹിഷ്ക്കരണത്തിന്റെ പേരിൽ ജയിൽ വാസം അനുഭവിക്കേണ്ടിവന്നപ്പോൾ ജയിൽ സ്വർഗീയവാസസ്ഥാനവും തീർത്ഥാടന കേന്ദ്രവുമാണെന്ന് പറഞ്ഞതാര്?

   1. നെഹ്റു 2. മദർ തെരേസ 3. ആർച്ച് ബിഷപ് ഒസ്കാർ റൊമേരോ

### B. പൂരിപ്പിക്കുക 1x 5=5

6. ————അധാർമികമാകുന്നത് ചൂഷണത്തിലൂടെ അത് സമ്പാദിക്കുമ്പോഴാണ്
7. വിശുദ്ധലിഖിതങ്ങളെല്ലാം————ആണ്.
8. ലിഖിതരൂപത്തിൽ ബൈബിളിൽ രേഖപ്പെടുത്താത്ത വെളിപാടുകളെ തിരുസഭയുടെ————എന്നാണ് വിളിക്കുന്നത്
9. വി. ലിഖിതത്തെ കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെ പറ്റിയുള്ള അജ്ഞത തന്നെയാണ് എന്നാണ്————പറയുന്നത്
10. "ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും ———— ആണ് അവിടുന്ന് മരിച്ചവരുടെയല്ല ———— ദൈവമാണ്." (മർക്കോ 12, 26)

## C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x7=14

11. വചനാധിഷ്ഠിതജീവിതം നയിക്കാൻ ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ
12. യുക്തിവാദത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
13. തിരുഹൃദയ ലുത്തിനിയായിലെ കാഴ്ചവയ്പ്പ് എഴുതുക.
14. ബൈബിൾ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
15. മൂലപാപങ്ങളും അവക്കെതിരായ പുണ്യങ്ങളും.
16. ബൈബിളിന്റെ തർജ്ജമകളെ കുറിച്ച് വ്യക്തമാക്കുക.
17. വിശ്വാസം ദൈവീക വെളിപാടിനുള്ള പ്രത്യുത്തരം: വ്യക്തമാക്കുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.

5X2=10

18. വിശ്വാസത്തിനെതിരായ പ്രധാന അബദ്ധ സിദ്ധാന്തങ്ങളെ കുറിച്ച് വിശദീകരിക്കുക
19. ഏതെങ്കിലും നാലു ലൗകീക പ്രലോഭനങ്ങളെ കുറിച്ച് വിവരിക്കുക.
20. തിന്മക്കെതിരെയുള്ള പോരാട്ടത്തിന്റെ രണ്ട് തലങ്ങൾഏവ? വിശദീകരിക്കുക

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6X1=6

21. പ്രളയത്തിന്റെ ഭീകരതയും, കെടുതികളും നാം ഈ കഴിഞ്ഞ മാസങ്ങളിൽ അനുഭവിക്കുകയായിരുന്നു. വിശ്വാസപരിശീലനം നേടുന്ന ഒരു യുവാവ് എന്ന നിലയിൽ ഈ പ്രളയാനുഭവത്തിൽ നിന്ന് നിങ്ങൾ പഠിച്ച ജീവിതപാഠങ്ങൾ എന്തൊക്കെ?

22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 42 

# ഉത്തര സൂചിക പന്ത്രണ്ടാം ക്ലാസ് - ഒന്നാം സെമസ്റ്റർ

1. മറിയത്തെ, (L1, Page-12, 2nd Paragraph)
2. ഹ്യൂമനിസ്റ്റുകൾ, (L2, Page-19, 1st Paragraph)
3. 66, (L3, Page-26, Ist nd Paragraph)
4. അധികാരമോഹം, (L4, Page-31, 1st Paragraph)
5. നെഹ്റു (Sathyadheepam Aug 8 ലക്കം 1)
6. സ്വത്തുസമ്പാദനം, (L4, PAGE-29)
7. ദൈവനിവേശിതമാണ്, (L5, Page-39, 4th Paragraph)
8. വി. പാരമ്പര്യങ്ങൾ, (L6, Page-46, 2nd Paragraph)
9. വി.ജെറോം, (L7, Page-54, 4th Paragraph)
10. യാക്കോബിന്റെ ദൈവവും, ജീവിക്കുന്നവരുടെ, Bible (Mark:12, 26)
11. വചനത്തെ അറിയണം, വചനം ശ്രവിക്കണം, വചനാർത്ഥം ഗ്രഹിക്കണം, വചനാനുസൃതം പ്രവർത്തിക്കണം. ദൈവീക ശക്തിക്കായ് പ്രാർത്ഥിക്കണം (Lesson 7, Page 55)
12. യുക്തികൊണ്ട് തെളിയിക്കാനാവാത്തതു യാഥാർത്ഥ്യമല്ല. പ്രപഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവസിദ്ധമാകുന്ന അറിവേ അംഗീകരിക്കാനാവൂ. ഈശ്വരൻ ഇന്ദ്രിയപരമായ അറിവിനോ യുക്തിക്കോ വിധേയനല്ല. അതിനാൽ ഈശ്വരൻ യാഥാർഥ്യമല്ല മനുഷ്യൻറെ അജ്ഞതയും ഭയവുമാണ് ഈശ്വരവിശ്വാസത്തിൻറെ ഉറവിടം (Lesson 2, Page 18)
13. നമസ്കാരങ്ങൾ, Page 27
14. വി.ഗ്രന്ഥം മുഴുവൻറെയും ഉള്ളടക്കത്തിലും ഐക്യത്തിലും ശ്രദ്ധ പതിപ്പിക്കണം, സഭ മുഴുവൻറെയും സജീവ പാരമ്പര്യത്തിൻറെ അടിസ്ഥാനത്തിലായിരിക്കണം, ക്രൈസ്തവ വിശ്വാസ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം (ചെറിയ ഒരു വിശദീകരണവും ഉണ്ടെങ്കിൽ പൂർണം, Lesson 6, Page 50)
15. നമസ്കാരങ്ങൾ,No. 22
16. ഹീബ്രു ഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിൻറെ ഗ്രീക്ക് വിവർത്തനമാണ് സെപ്തജിന്ത് ബൈബിൾ. വി. ജെറോം ആണ് ലത്തീൻ ഭാഷയിലേക്കു സമ്പൂർണ്ണ ബൈബിൾ വിവർത്തനം ചെയ്തത്. വുൾഗാത്ത എന്നറിയപ്പെടുന്നു. സുറിയാനി ഭാഷയിലുള്ള തർജമ പിശീത്ത ബൈബിൾ എന്നറിയപ്പെടുന്നു (Lesson 6, Pages 47-48)
17. പിതാവും പുത്രനും പരിശുദ്ധാത്മാവുമായി വെളിപ്പെടുത്തപ്പെട്ട ഏക ദൈവം താനുമായുള്ള സ്നേഹബന്ധത്തിലേക്കു നമ്മെ ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.ഈശോമിശിഹായിലൂടെ തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ സ്വയം സമർപ്പിച്ചുകൊണ്ട് നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. ദൈവീകവെളിപാടിന് മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിൻറെ പൂർണ്ണമായ രൂപം കുരിശിൽ സ്വയം സമർപ്പിച്ച ഈശോമിശിഹാ തന്നെയാണ് (Lesson 1, Pages 10-11)
18. അജ്ഞേയവാദം, യുക്തിവാദം, ഭൗതികവാദം, ഹ്യുമനിസം, കമ്മ്യൂണിസം, തുടങ്ങിയവയെക്കുറിച്ചു വിശദീകരിക്കണം (Lesson 2, Pages 17-19)
19. ദ്രവ്യാഗ്രഹം, വ്യർത്ഥാഭിമാനം, ഉപഭോഗതൃഷ്ണ, അധികാരമോഹം, ധൂർത്തു. ആഡംബരഭ്രമം, സുഖലോലുപത, അനാരോഗ്യകരമായ മത്സരബുദ്ധി, വ്യക്തിപൂജ (ഈ എട്ടണത്തിൽ നാലെണ്ണത്തെക്കുറിച്ചു വിവരിക്കുമ്പോൾ മാത്രമാണ് ഉത്തരം പൂർണ്ണമാകുകയുള്ളു Lesson 4, Pages 29-33)
20. തിന്മക്കെതിരെയുള്ള പോരാട്ടത്തിൻറെ രണ്ടു തലങ്ങൾ. - തിന്മയുടെ ആന്തരിക ശക്തികൾക്കെതിരെയുള്ള പോരാട്ടം, തിന്മയുടെ ബാഹ്യശക്തികൾക്കെതിരെയുള്ള പോരാട്ടം. (വിശദീകരണം പുസ്തകം കാണുക Lesson 5, Pages 36-37)

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 — മാർക്ക് - 50

10.30 am - 12.30 pm — **STD - XII** — സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ബ്രാക്കറ്റിൽ നിന്ന് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1x 5=5**

1. 'ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും'. ആരുടെ വാക്കുകൾ?
   1. വി. പൗലോസ് 2. വി. അഗസ്തീനോസ് 3. വി. അമ്പ്രോസ്
2. സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടി ലൗകീക വസ്തുക്കളെ അമിതമായി ഉപയോഗിക്കാനുള്ള ആഗ്രഹമാണ്
   1. സുഖലോലുപത 2. ധൂർത്ത് 3. ഉപഭോഗതൃഷ്ണ
3. പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനത്തെ വിളിക്കുന്നത്
   1. പ്ശീത്ത 2. സെപ്ത്വജിന്ത് 3. വുൾഗാത്ത
4. ദൈവത്തിന്റെ മക്കളും സഭയുടെ അംഗങ്ങളും സ്വർഗ്ഗത്തിന് അവകാശികളുമാക്കി തീർക്കുന്ന കൂദാശയാണ്
   1. വി. കുർബ്ബാന 2. സ്ഥൈര്യലേപനം 3. മാമ്മോദീസ
5. 'കാലത്തിന്റെ ഹ്രസ്വചരിത്രം' എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്
   1. സ്റ്റീഫൻ ഹോക്കിങ് 2. വില്യം ജയിംസ് 3. ആൽബർട്ട് ഐൻസ്റ്റിൻ

**B. പൂരിപ്പിക്കുക 1x 5=5**

6. മനുഷ്യമഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്നവരാണ്————
7. ദൈവത്തെ പിതാവായും ഈശോയെ രക്ഷകനായും പരിശുദ്ധാത്മാവിനെ മാർഗദർശകനായും അംഗീകരിച്ച് ————, ———— അനുസരിച്ച് ജീവിക്കുന്ന വ്യക്തിയാണ് ക്രിസ്ത്യാനി.
8. 'വിശുദ്ധ ലിഖിതമെല്ലാം ——— അവ പ്രബോധനത്തിനും, ശാസനത്തിനും തെററു തിരുത്തലിനും, ————പരിശീലനത്തിനും ഉപകരിക്കുന്നു.'
9. ഇതിനോടകം ——ഭാഷകളിൽ സമ്പൂർണ്ണ ബൈബിൾ തർജ്ജമ ചെയ്തിട്ടുണ്ട്.
10. എന്റെ ദൈവമെ, അങ്ങു ———— അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. എന്റെ ——— വർദ്ധിപ്പിക്കണമെ.

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **2x 7=14**

11. വി. ലൂക്കായുടെ സുവിശേഷം 10-ാം അദ്ധ്യായം 25 മുതൽ 37 വരെയുള്ള ഭാഗത്തെ പ്രധാന സന്ദേശം എഴുതുക.
12. തിരുവചനത്തിന്റെ ധർമ്മങ്ങൾ എഴുതുക.
13. ദൈവീക വെളിപാടിന് പ്രത്യുത്തരം നൽകി സ്വയം സമർപ്പണത്തിന് ഉദാത്ത മാതൃകകളായ രണ്ട് വ്യക്തികളെകുറിച്ച് എഴുതുക.
14. ബൈബിൾ വ്യാഖ്യാനത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം?
15. പന്തകുസ്താ പ്രബോധനങ്ങളുടെ പോരായ്മകളായ പാരമ്പര്യ നിഷേധം, അബദ്ധപ്രബോധനങ്ങൾ എന്നിവയെക്കുറിച്ച് എഴുതുക.
16. ദൈവസന്നിധിയിൽ പ്രതികാരം ആവശ്യപ്പെടുന്ന പാപങ്ങൾ എഴുതുക.
17. ജൈവസാങ്കേതിക വിദ്യ സൂക്ഷിച്ചുപയോഗിക്കണമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ പറയാൻ കാരണമെന്ത്?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.**
**5x 2=10**

18. ധൂർത്തും സുഖലോലുപതയും ക്രൈസ്തവജീവിതത്തിന് വിഘാതമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
19. വിശ്വാസ ജീവിതത്തിന്റെ തലങ്ങൾ വിശദീകരിക്കുക.
20. വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും തിന്മക്കെതിരെയുള്ള പോരാട്ടത്തിൽ വിജയികളാകാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമാക്കുക

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **6x 1=6**

20. പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളായ നിങ്ങൾ ഇന്ന് നേരിടുന്ന പ്രധാന പ്രലോഭനങ്ങൾ ഏതെല്ലാം? അവയെ അതിജീവിക്കാൻ വിശ്വസപരിശീലനം പൂർത്തിയാക്കുന്ന വ്യക്തിയെന്ന നിലയിൽ നിങ്ങൾ എടുക്കുന്ന ക്രൈസ്തവ മനോഭാവങ്ങളും പ്രായോഗിക നിലപാടുകളും വിശദീകരിക്കുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

# പ്ലസ്സ് ടു - ഉത്തരങ്ങൾ

## ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

**A. ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **(1x5)**

1.1/10 (Para-2nd) **വി, അഗസ്തീനോസ്**

2.4/30 (Para Last) **ഉപഭോഗതൃഷ്ണ**

3.6/47 (Para Last) **സെപ്ത്വജിന്ത്**

4.5/36 (Para 3rd) **മാമ്മോദീസ**

5.Sathyaseepam April 27 May 3 **സ്റ്റീഫൻ ഹോക്കിങ്**

**B പൂരിപ്പിക്കുക.** **(1x5)**

6.2/19 (Para-1st) **ഹ്യൂമനിസ്റ്റുകൾ**

7.4/29 (Para-1st) **ദൈവവചനവും, സഭാപ്രബോധനവും**

8.7/52-53 (Last para) **ദൈവനിവേശിതമാണ്, നീതിയിലുള്ള**

9. 6/43 (Para-1st) **2454**

10.Namaskarangal page 11; no. 14. **പരമസത്യമായിരിക്കയാൽ, വിശ്വാസത്തെ**

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **(2x7)**

**11. Luke 10: 25-37** നിത്യജീവൻ എങ്ങനെ അവകാശമാക്കാം. കല്പനകൾ രണ്ടെണ്ണം, സമരിയാക്കരന്റെ ഉപമ - ആരാണ് എന്റെ അയൽക്കാരൻ. കരുണകാണിക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ

**12.7/52-53** 1. ജീവൻ നൽകുന്ന വചനം - ജീവിതത്തിന്റ സമഗ്രമായ പുരോഗതിക്കും ധാർമ്മികമായ വളർച്ചക്കും ദൈവവചനം സഹായിക്കുന്നു. 2. രൂപാന്തരപ്പെടുത്തുന്ന വചനം - മാനസാന്തരത്തിലേക്കും സൗഖ്യത്തിലേക്കും നയിക്കുന്നു. തിന്മയുടെ ആക്രമണങ്ങൾക്കെതിരെ ദൈവവചനം പ്രതിരോധ കോട്ട തീർക്കുന്നു. 3. വിശുദ്ധീകരിക്കുന്ന വചനം - രോഗങ്ങളിൽ നിന്നും തിന്മയുടെ ബന്ധനങ്ങളിൽ നിന്നും നമ്മെ വിമോചിപ്പിക്കുവാൻ ശക്തിയുള്ളതാണ് ദൈവവചനം.

**13.1/11-12** അബ്രാഹം - വിശ്വാസികളുടെ പിതാവ്. വിശ്വാസം മൂലം അനുസരിച്ചു. വിശ്വാസം മൂലം ഏകപുത്രനെ ബലിയർപ്പിക്കാൻ തയ്യാറായി. ഹെബ്രായ ഗ്രന്ഥകാരന്റെ വചനം പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവും അബ്രാഹത്തിൽ സാക്ഷാൽക്കരിക്കപ്പെടുന്നു.

മറിയം - വിശ്വസിച്ചവൾ ഭാഗ്യവതി, ദൈവീക സന്ദേശവും വാഗ്ദാനവും വിശ്വാസപൂർവ്വം സ്വീകരിച്ചു. ദൈവഹിതത്തിനു മുൻപിൽ തന്നെതന്നെ പൂർണ്ണമായി സമർപ്പിച്ചു. വിശ്വാസത്തിന്റെ സംശുദ്ധ സാക്ഷാൽക്കാരമായി മറിയത്തെ സഭ വണങ്ങുന്നു.

**14.6/50** 1. വിശുദ്ധ ഗ്രന്ഥങ്ങൾ മുഴുവന്റെയും ഉള്ളടക്കത്തിലും ഐക്യത്തിലും ശ്രദ്ധ പതിപ്പിക്കണം. വിശുദ്ധഗ്രന്ഥത്തിന്റെ ഐക്യത്തിന്റെ ആധാരം ദൈവീക വെളിപാടിന്റെ ഐക്യമാണ്. പൊതുവായ ചൈതന്യത്തിൽ വ്യാഖ്യാനിക്കണം. 2. സഭ മുഴുവന്റെയും സജീവ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. പാരമ്പര്യത്തിൽ നിന്ന് വേറിട്ടുള്ള വ്യാഖ്യാനങ്ങൾക്ക് തെറ്റു പറ്റാവുന്നതാണ്. 3. ക്രൈസ്തവ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.

**15.3/25-26**. ആധികാരികമായ വിശ്വാസ സംഹിതയോ പാരമ്പര്യമോ ദൈവസ്ഥാപിതവും കെട്ടുറപ്പുള്ളതുമായ ഒരു നേതൃത്വമോ ഇവർക്കില്ല. വ്യക്തികേന്ദ്രീകൃതമായ അനേകം ഉപഗ്രൂപ്പുകൾ ഉണ്ടാകുന്നു. അനുഷ്ഠാനങ്ങളും അനുശാസനങ്ങളും അനുയായികളുടെ മേൽ അടിച്ചേൽപിക്കുന്നു. സഭയുടെ വിശ്വാസ കൂട്ടായ്മ, പുണ്യവാന്മാരുടെ ഐക്യം, ബൈബിളിന്റെ കാനൻ നിരാകരിക്കുന്നു. രക്ഷിക്കപ്പെട്ട തങ്ങൾ ഇനി ഒരിക്കലും പാപത്തിൽ വീഴില്ലെന്ന് കരുതുന്നു. രക്ഷ തങ്ങൾ നേടിയെടുക്കുന്നുവെന്ന് കരുതുന്നു.

**16.Namaskarangal page 17; no. 31**

**17.Sathydeepam 2017 April 27-May 3** ഇത് മനുഷ്യജീവനിലും സൃഷ്ടികളിലും ചെലുത്തിയേക്കാവുന്ന സ്വാധീനം വലുതാണ്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ദുരുപയോഗം മനുഷ്യജീവനിലും പ്രകൃതിയിലും ഉണ്ടാക്കിയേക്കാവുന്ന നിഷേധാത്മകമായ അനന്തരഫലങ്ങളെക്കുറിച്ച് മുൻകരുതൽ ഉണ്ടാകണം. സാമ്പത്തികശക്തിയും സാങ്കേതികശക്തിയും തമ്മിലുള്ള ബന്ധം ദൃഢമായതുകൊണ്ട് അവർ എടുക്കുന്ന തീരുമാനങ്ങൾ ദരിദ്രമായ ജനതകളുടെയും രാജ്യങ്ങളുടെയും വിനാശത്തിന് കാരണമാകാം.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക. (5x2)**

**18.4/31-32** സമ്പത്തിന്റെ അമിതോപയോഗമാണ് ധൂർത്ത്. പ്രപഞ്ചത്തിലെ വിഭവങ്ങൾ മനുഷ്യരാശിക്ക് മുഴുവനുമുള്ളതാണ്. തങ്ങൾക്ക് വേണ്ടി മാത്രം എന്നു ചിന്തിക്കുന്നത് ദൈവീക പദ്ധതിക്കു എതിരാണ്. സമ്പത്തിന്റെ ദുരുപയോഗം സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകും. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടമാകും. സാമൂഹിക ആഘോഷങ്ങളിൽ നടക്കുന്ന ധൂർത്തും അംഗീകരിക്കാവുന്നതല്ല. ഭൂമി, ജലം എന്നിവയുടെ ദുരുപയോഗവും ധൂർത്തിൽ പെടുന്നു. ലഭിച്ചതും ലഭിക്കാവുന്നതുമായ ജീവിതസൗകര്യങ്ങളുപയോഗിച്ച് സുഖം മാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന ശൈലിയാണ് സുഖലോലുപത. അദ്ധ്വാനിച്ച് അപ്പം നേടുക എന്നതാണ് ദൈവത്തിന്റെ കല്പന. സുഖലോലുപതയുടെ കൂട്ടാളിയാണ് അലസത. മനുഷ്യജീവിതം ഈ ലോകജീവിതം കൊണ്ട് അവസാനിക്കുന്നില്ല. അത് നിത്യതയെ പ്രാപിക്കാനുള്ളതാണ്.

**19.1/14-15** വിശ്വാസ ജീവിതത്തിന്റെ തലങ്ങളിൽ ജീവിതസാക്ഷ്യത്തിന്റെ വിവിധ മാനങ്ങൾ പ്രകടമാണ്. 1. സഭാ തലം - വിശ്വാസം ജീവിതം വളരുന്നതും കരുത്താർജ്ജിക്കുന്നതും. ദൈവവചനശ്രവണം, കൂദാശസ്വീകരണം, ദൈവപ്രമാണങ്ങ ളിലധിഷ്ഠിതമായ ജീവിതചര്യകളിലൂടെയാണ്. ഇടവക സമൂഹവുമായി ഒന്നു ചേർന്നുള്ള ബലിയർപ്പണവും, ഭക്താനുഷ്ഠാനുങ്ങളും വിശ്വാസവളർച്ചക്ക് അവശ്യമാണ് 2. കുടുംബ തലം - പൈതൃകമായി പകർന്നു കിട്ടുന്ന വിശ്വാസത്തിന്റെ കരുത്ത്. കൈമാറ്റപ്പെടുന്ന വിശ്വാസം - മാതാപിതാക്കളിലുടെയും സഹോദരങ്ങളിലൂടെയും. 3. വ്യക്തിതലം.- വിശ്വാസത്തിന്റെ വ്യക്തമായ പ്രതിഫലനം അനുഭവങ്ങൾ ബോധ്യങ്ങൾ ജീവിത സാക്ഷ്യങ്ങൾ - വിശ്വാസ രൂപീകരണത്തിന്റെ പ്രേരകഘടകങ്ങൾ 4. സമൂഹ തലം - മാതൃകയാകാൻ കഴിവുള്ള വ്യക്തിത്വങ്ങൾ, വിശ്വാസാധിഷ്ഠിത ജീവിത രീതികൾ ----

**20.5/38-39** 1. തിന്മയ്ക്കെതിരെ ജാഗ്രത പുലരത്തണം. തിന്മയുടെ ശക്തി എപ്പോഴും നമ്മെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ. ജാഗ്രതയോടെ ഉണർന്നിരിക്കണം. ആത്മശോധന, കുമ്പസാരം, ആത്മീയ ഗുരുക്കന്മാരുടെ ഉപദേശം 2. കൂദാശകളിലൂടെ ശക്തിപ്പെടണം. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക് എതിരു നിൽക്കും. കൂദാശകളിലൂടെ ശക്തി പ്രാപിക്കുക. അനുരജ്ഞനകൂദാശ, വിശുദ്ധ കുർബ്ബാന. 3.ദൈവവചനം പാലിച്ചു ജീവിക്കണം. വചനമാകുന്ന വാൾ. ദൈവവചനാനുസൃതം ജീവിക്കുമ്പോൾ നമ്മളും ശക്തരായിത്തീരും. 4. പ്രാർത്ഥനയിലൂടെ കരുത്താർജ്ജിക്കണം. ദൈവത്തിന്റെ ഹിതം തിരച്ചറിഞ്ഞ് ജീവിക്കുക. 5. കൂട്ടായ്മയിൽ വർത്തിക്കണം. വിശ്വാസത്തിൽ ഐക്യപ്പെട്ടവരുടെ കൂട്ടായ്മ.

**21. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക (6x1)**

**അദ്ധ്യാപകന്റെ വിവേചനവും വിചിന്തനവും ഉണ്ടാകണം. പന്ത്രണ്ടാം ക്ലാസ്സ് കഴിയുന്ന ഒരു കുട്ടി എടുക്കേണ്ട ക്രൈസ്തവ മനോഭാവങ്ങളെക്കുറിച്ച് വേദപാഠാദ്ധ്യാപകന് ഒരു ധാരണയുണ്ടായിരിക്കണം. അതിന്റെ വെളിച്ചത്തിൽ വേണം മാർക്കിടുവാൻ. തീർത്തും മതേതരമായ ഒരു ഉത്തരമല്ല നമ്മൾ പ്രതീക്ഷിക്കുന്നത്. വിശ്വാസ പരിശീലനത്തിന്റെ വെളിച്ചത്തിൽ ഊന്നിയുള്ള ഉത്തരങ്ങളാണുണ്ടാകേണ്ടത്.**

**22.** ഇന്റേണൽ അസ്സസ്സ്മെന്റ് (5+5=10)

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016**
**10.30 am - 12.30 pm**

## STD - XII

**മാർക്ക് – 50**
**സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക** (ഏതെങ്കിലും മൂന്നെണ്ണം) **5x3=15**
**(ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. വിശുദ്ധ ലിഖിതത്തിന്റെ അർത്ഥങ്ങളും അവ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട തത്വങ്ങളും ഏവ? വിശദീകരിക്കുക. സഭയുടെ പ്രബോധ ങ്ങൾക്കെതിരായുള്ള ബൈബിൾ വ്യാഖ്യാനങ്ങൾ ഒരു കത്തോലിക്ക വിശ്വാസി എന്ന നിലയിൽ നിങ്ങൾക്കെങ്ങനെ പ്രതിരോധിക്കാൻ കഴിയും? (അധ്യായം 6)
2. ക്രൈസ്തവ വിശ്വാസിക്ക് കമ്മ്യൂണിസം സ്വീകാര്യമല്ലാത്തത് എന്തു കൊണ്ട്? ഈശ്വരനിഷേധത്തിലേക്ക് നയിക്കുന്ന രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളോടുള്ള നിങ്ങളുടെ മനോഭാവം എന്ത്? (അധ്യായം 2)
3. തിന്മയ്ക്കെതിരെയുള്ള ആത്മീയപോരാട്ടത്തിൽ വിജയികളാകാൻ വ്യക്തിതലത്തിലും സമൂഹതലത്തിലും നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ക്രിസ്തീയവിശ്വാസവും ധാർമിതകയും ഇന്ന് നേരിടുന്ന പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യാം? (അധ്യായം 5)
4. പെന്തക്കോസ്തു സമൂഹങ്ങളുടെ പോരായ്മകളും വെല്ലുവിളികളും ഏതെല്ലാം? പെന്തക്കോസ്തു സമൂഹങ്ങളുടെ തെറ്റായ പഠനങ്ങളാൽ വശീകരിക്കപ്പെടാതിരിക്കാനുള്ള മാർഗ്ഗങ്ങളും നിങ്ങളുടെ മുൻകരുത ലുകളും എന്തെല്ലാം?(അധ്യായം 3)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **3x3=9**
**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. വിശ്വാസം : ദൈവിക വെളിപാടിനുള്ള പ്രത്യുത്തരം. (അധ്യായം 1)
6. ആധുനിക ലോകത്തിൽ ജീവിതത്തിന്റെ വലിയൊരു പ്രലോഭനം ധൂർത്ത്. (അധ്യായം 4)
7. ദൈവീക വെളിപാടും തിരുസഭയും (അധ്യായം 6)
8. വിശുദ്ധീകരിക്കുന്ന വചനം (അധ്യായം 7)

**ബൈബിൾ പഠനവും നമസ്കാരങ്ങളും**

9. ദൈവവചനം എഴുതുക. ലൂക്ക. 18:14. ഞാൻ നിങ്ങളോടു പറയുന്നു. ഇവൻ ആ ഫരിസേയനെക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ, .......... **1½**

10. എന്നാൽ യേശു അനുവദിച്ചില്ല. അവൻ പറഞ്ഞു: നീ വീട്ടിൽ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവു നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നും അവരെ അറിയിക്കുക (മർക്കോ 5:19) സന്ദർഭം വിശദമാക്കി വിചിന്തനം എഴുതുക. **2**

11. ആ ചുങ്കക്കാരനാകട്ടെ, ദൂരെ നിന്നു സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്താൻപോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്, ദൈവമേ പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർത്ഥിച്ചു. സുവിശേഷം, അധ്യായം, വാക്യം ഏതെന്ന് എഴുതുക. **1 ½**

12. പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ 4 ഉം 5ഉം ദിവ്യരഹസ്യങ്ങൾ എഴുതുക. **1¼ x2=2 ½**

13. മനഃസ്താപപ്രകരണം എഴുതുക. **2 ½**

**പൊതുചോദ്യം** **6**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.** (ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.)

14. സ്വന്തം താല്പര്യങ്ങളെ നോക്കാതെ മറ്റുള്ളവരുടെ താൽപര്യങ്ങൾ പരിഗണിച്ച ക്രിസ്തുവിന്റെ അനുയായികളായ നമുക്കു പാരസ്ഥിതികവും സാമൂഹികവുമായ പൊതുപ്രശ്നങ്ങളോട് എങ്ങനെ പ്രതികരിക്കാൻ കഴിയുമെന്ന് ഉപന്യസിക്കുക

15. **ഇന്റേണൽ അസ്സെസ്സ്മെന്റ്** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** | | **മാർക്ക് – 50**
**10.30 am - 12.30 pm** | **STD - XII** | **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം)** **5x3=15**

**(ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. 6/49, 50
2. 2/19-21
3. 5/38–41
4. 3/25–27

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **3x3=9**
**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. 1/10, 11
6. 4/31
7. 6/45, 46
8. 7/54

**ബൈബിൾ പഠനവും നമസ്കാരങ്ങളും**

9. ലൂക്കാ 18/14. എന്തെന്നാൽ, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും. **1 ½**
10. മർക്കോസ് 5:19. സന്ദർഭം വിശദമാക്കി വിചിന്തനം എഴുതുക. **2**
11. ലൂക്കാ 18:13 **1 ½**
12. നമസ്ക്കാരങ്ങൾ പേജ് 20 **2 ½**
13. നമസ്ക്കാരങ്ങൾ പേജ് 12 **2 ½**

**പൊതുചോദ്യം** **6**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.** (ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.)

14. പൊതുചോദ്യം - രണ്ടുപേജിൽ കവിയാതെ ഉപന്യസം.

**15. ഇന്റേണൽ അസ്സെസ്സ്മെന്റ്** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 | മാർക്ക് – 50
10.30 am - 12.30 pm | **STD - XII** | സമയം – 2 മണിക്കൂർ

*__നിർദ്ദേശങ്ങൾ__: ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക. അവസാനത്തെ ചോദ്യത്തിന് (14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.*

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും മൂന്നെണ്ണം) 15**

(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)

1. വിശ്വാസ പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ തുടങ്ങിയ കാലം മുതൽ നമ്മൾ പഠിച്ചതത്രയും വിശ്വാസസംബന്ധിയായ കാര്യങ്ങളാണ്. ഇത്രയും നാളത്തെ അനുഭവത്തിൽ നിന്നുകൊണ്ട് നാം സ്വീകരിച്ചിരിക്കുന്ന കത്തോലിക്കാ വിശ്വാസത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ് എന്നു വിശദീകരിക്കുക. (അധ്യായം 1)
2. ഉത്താരാധുനിക ലോകത്ത് മനുഷ്യനെ കാർന്നു തിന്നുന്ന ഏറ്റവും വലിയ തിന്മ ഉപഭോഗസംസ്ക്കാരമാണ്. ഉപഭോഗസംസ്ക്കാരത്തിലേക്ക് മനുഷ്യരെ നയിക്കുന്ന പ്രധാനപ്പെട്ട പ്രലോഭനങ്ങളാണ് ദ്രവ്യാഗ്രഹവും ഉപഭോഗതൃഷ്ണയും, സുഖലോലുപതയും. ഈ പ്രലോഭനങ്ങളുടെ സ്വഭാവം എന്തെന്ന് വിശദീകരിച്ച് പരിഹാരം നിർദ്ദേശിക്കുക. (അധ്യായം 4)
3. 'നന്മയും തിന്മയും, തമ്മിൽ നിരന്തര യുദ്ധത്തിലാണ്. യുദ്ധക്കളം മനുഷ്യഹൃദയവും'. മനുഷ്യഹൃദയത്തിന്റെ ഉള്ളിലാണ് ആത്മീയ പോരാട്ടം നടക്കുന്നത്. ഈ പോരാട്ടത്തിൽ നന്മ വിജയിക്കാൻ കത്തോലിക്കനെന്ന നിലയിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? (അധ്യായം 5)
4. വിശുദ്ധ ബൈബിൾ ആണ് ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറ. 'ദൈവവചനത്തിന്റെ ലിഖിതരൂപം' എന്ന നിലയിൽ വിശുദ്ധ ഗ്രന്ഥത്തിന് നിങ്ങളുടെ ജീവിതത്തിലുള്ള സ്ഥാനമെന്താണെന്ന് വിശദീകരിക്കുക. (അധ്യായം 6)

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും മൂന്നെണ്ണം) 9**

പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്.

5. വചനാധിഷ്ഠിത ജീവിതം - ശിഷ്യത്വത്തിന്റെ അടയാളം. (അധ്യായം 7)
6. ഭൗതികവാദം. (അധ്യായം 2)
7. പെന്തക്കോസ്തു സഭകളിലെ അബദ്ധ പ്രബോധനങ്ങൾ (അധ്യായം 3)
8. തിന്മയുടെ ബാഹ്യ ശക്തികൾക്കെതിരെയുള്ള പോരാട്ടം (അധ്യായം 5)

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

9. ''യേശു അവളോട് പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.'' സുവിശേഷം, അദ്ധ്യായം, വാക്യം എഴുതുക. 1½
10. യോഹ 12/25. ദൈവവചനം എഴുതുക. ''തന്റെ ജീവനെ......... 1½
11. ''നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.'' (യോഹ. 13:14) വിചിന്തനം എഴുതുക. 2
12. ജപമാലയിലെ ദുഃഖത്തിന്റെ നാലും അഞ്ചും ദിവ്യരഹസ്യങ്ങൾ എഴുതുക. 2½
13. പരിശുദ്ധ രാജ്ഞി എന്ന ജപം എഴുതുക 2½

**പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.) 6**

14. ചരിത്രത്തിലാദ്യമായാണ് ഒരു മാർപ്പാപ്പ പരിസ്ഥിതിയെ മാത്രം വിഷയമായെടുത്ത് ഒരു ചാക്രിക ലേഖനം എഴുതുന്നത്. 'Laudato Si'. ''നമ്മുടെ സഹോദരിയായ ഈ പ്രകൃതി, ആർത്തി പൂണ്ട മനുഷ്യന്റെ നിരുത്തരവാദിത്വപരമായ ഉപയോഗം മൂലവും, ചൂഷണം മൂലവും അവളുടെമേൽ ഏൽപ്പിച്ച പീഡനങ്ങളെയോർത്ത് തേങ്ങിക്കൊണ്ടിരിക്കുന്നു.'' എന്നാണ് ഫ്രാൻസിസ് പാപ്പ എഴുതുന്നത്. പ്രകൃതിയോടുള്ള നമ്മുടെ സമീപനത്തിൽ നാം കാത്തുസൂക്ഷിക്കേണ്ട മനോഭാവവും, ദ്രുതഗതിയിൽ നാം സ്വീകരിക്കേണ്ടതായിട്ടുള്ള നിലപാടുകളും 'Laudato Si'യുടെ വെളിച്ചത്തിൽ പങ്കുവയ്ക്കുക

15. ഇന്റേണൽ അസ്സെസ്സ്മെന്റ് 10
കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014**
**10.30 am - 12.30 pm**

**STD - XII**

**മാർക്ക് – 50**
**സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 15**

**(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. 'അനാരോഗ്യകരമായ മത്സരബുദ്ധി' ആധുനിക ലോകത്തിൽ മനുഷ്യരെത്തേടിയെത്തുന്ന പ്രലോഭനങ്ങളിൽ ഒന്നാണ് വിശദമാക്കുക. 'കൈയൂക്കുള്ളവൻ കാര്യക്കാരനായിത്തീരുന്ന ഈ കാലഘട്ടത്തിൽ അംഗവിഹീനനും, വൃദ്ധനും, രോഗിക്കുമൊക്കെ ഒരു കൈത്താങ്ങാകാൻ നമുക്കാകുന്നുണ്ടോ? ഈ മനോഭാവം സ്വന്തമാക്കാൻ നാം എടുക്കേണ്ട തീരുമാനങ്ങൾ ഏവ? (അധ്യായം 4)
2. പ്രലോഭനങ്ങളെ അതിജീവിക്കാനും തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനും കടപ്പെട്ടവരാണ് ക്രിസ്തു ശിഷ്യർ. തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന്റെ രണ്ടു തലങ്ങൾ ഏവ? വിശദമാക്കുക. കുട്ടികളുടെ ഇടയിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും തിന്മകൾ ആളിപ്പടരുന്ന ഈ കാലഘട്ടത്തിൽ അതിനെതിരെ നിങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ ഏവ? (അധ്യായം 5)
3. വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം പ്രധാനമായും ശ്രദ്ധിക്കേണ്ട അഞ്ചു കാര്യങ്ങൾ ഏവയെന്ന് വിശദീകരിക്കുക. ദൈവവചനത്തെ അറിയാൻ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന വിവിധ മാർഗങ്ങൾ ഏതെല്ലാം? (അധ്യായം 7)
4. വിശ്വാസത്തിന് വെല്ലുവിളികളുയർത്തിയ സിദ്ധാന്തങ്ങളും പ്രത്യയശാസ്ത്രങ്ങളും ഏവയെന്ന് വിശദീകരിക്കുക. എന്തുകൊണ്ട് സഭ കമ്മ്യൂണിസത്തെ എതിർക്കുന്നു? ക്രൈസ്തവ വിശ്വാസികളെന്ന നിലയിൽ ഈ സിദ്ധാന്തങ്ങളേയും പ്രസ്ഥാനങ്ങളേയുംകുറിച്ച് ജാഗ്രത പാലിക്കാൻ കഴിയുന്നുണ്ടോ? വിലയിരുത്തുക. (അധ്യായം 2)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം) 9**
**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. അബ്രാഹം: വിശ്വാസികളുടെ പിതാവ്. വിശദമാക്കുക. (അധ്യായം 1)
6. പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ പ്രധാന ജീവിതശൈലിയും പഠനങ്ങളും ഏവ? (അധ്യായം 3)

7. ദൈവീക വെളിപാട് പൂർത്തിയാക്കപ്പെട്ടത് രക്ഷാകരപദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ്. ദൈവീക വെളിപാടും തിരുസഭയും തമ്മിലുള്ള ബന്ധം വിശദമാക്കുക. (അധ്യായം 6)

8. 'നിങ്ങൾ അപേക്ഷകളോടും യാചനകളോടുംകൂടി എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ.' എഫേ. 6/18. തിന്മയുടെ ശക്തികളെ തോൽപിക്കാൻ പ്രാർത്ഥനയിലൂടെ കരുത്താർജിക്കണം. വിശദമാക്കുക. (അധ്യായം 5).

## ബൈബിൾ പഠനവും നമസ്കാരങ്ങളും

9. യോഹ. 12/24. ദൈവവചനം എഴുതുക. ''ഗോതമ്പുമണി .......... **1 ½**

10. ''നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.'' ഏത് അധ്യായം, എത്രാം വാക്യം? **1 ½**

11. ഇതാണ് എന്റെ കല്പന – ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം''. (യോഹ.15/12) വിചിന്തനം എഴുതുക. **2**

12. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയിലെ പ്രകാശത്തിന്റെ മൂന്നും നാലും രഹസ്യങ്ങൾ എഴുതുക. **2 ½**

13. ജപമാലസമർപ്പണ പ്രാർത്ഥന എഴുതുക. **2 ½**

## പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം) **6**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.** (**ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**)

14. ഈ ഒക്ടോബറിൽ നടന്ന ആഗോള മെത്രാൻ സിനഡിന്റെ മുഖ്യപ്രമേയം കുടുംബമായിരുന്നു. സഭ വിഭാവനം ചെയ്യുന്ന ഒരു മാതൃകാകുടുംബത്തിന്റെ ജീവിതശൈലി എങ്ങനെയായിരിക്കണം? മക്കൾ എന്ന നിലയിൽ നിങ്ങളുടെ കടമകൾ നിർവഹിക്കേണ്ടത് എങ്ങനെ? വിവരിക്കുക.

15. വിജ്ഞാനത്തിനും വിനോദത്തിനുമായി ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ട, പാലിക്കേണ്ട നിയമങ്ങൾ എന്തൊക്കെയാണ്? 'തത്സമയകാഴ്ചകളിൽ' വിവേകം നഷ്ടപ്പെട്ട ഒരു 'വില്ലൻ' ആയി നമ്മുടെ ജീവിതം മാറാതിരിക്കാൻ നാം സ്വീകരിക്കേണ്ട മുൻകരുതലുകൾ ഏതെല്ലാം? വിവരിക്കുക.

## 16. ഇന്റേണൽ അസ്സെസ്സ്മെന്റ് **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10–ൽ മാർക്ക് നൽകുന്നു.

**DEPARTMENT OF CATECHESIS**
**ARCHDIOCESE OF ERNAKULAM – ANGAMALY**
**SUNDAY SCHOOL – FIRST SEMESTER EXAMINATION**

Date : 2. 11. 2014 Marks : 50

10.30 am - 12.30 pm **STD - XII** Time : Two Hours

**ANSWER KEY**

| |
|---|
| ***Instructions:*** *Choices are given in some sections. Answer only those number of questions, given in brackets.* |

**Write essays not exceeding one page each (Any three only) 3x5=15**

1. Chapter 4/28
2. Chapter 5/31
3. Chapter 7/46,47
4. Chapter 2/16-18

**Write a paragraph (Any three only) 3x3=9**

**(The following answers should be purely based on text)**

5. Chapter 1/11
6. Chapter 3/21,22
7. Chapter 6/38
8. Chapter 5/34

**Bible Study and Basic Catholic Prayers.**

9. Jn. 12/24. "Grain of wheat remains no more than a single grain unless it is dropped into the ground and dies. If it die, then it produces many grains." **1½**
10. Jn. 13:14 **1½**
11. Jn. 15/12. Write the reflections. **2**
12. Little catechism page 16. **3**
13. Little catechism page 21 **2**

**General Questions (Any one only) 6**

**Write an essay not exceeding two pages**

**14. General Question**

**15. General Question**

**16. Internal Assessment** **10**

You get here 40 marks for questions and answers and ten marks for internal assessment. You are expected to mark the internal assessment from the beginning of the academic year (Ref. Vachanadeepam Page 34). As this is a model examination, on-line entry is not needed. However before 25th of January 2015, the percentage of attendance, Adopt a Family Programme mark and Internal Assessment marks should be entered on-line.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013
10.30 am - 12.30 pm

**STD - XII**

മാർക്ക് – 50
സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

**ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (13 & 14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 18**

1. ക്രൈസ്തവ വിശ്വാസവും കമ്യൂണിസത്തിന്റെ പ്രത്യയശാസ്ത്രപരമായ നിലപാടുകളും തമ്മിലുള്ള വിയോജിപ്പിന്റെ പ്രധാന മേഖലകൾ ഏവ? പ്രത്യക്ഷത്തിൽ കമ്യൂണിസവും പരോക്ഷമായി ക്രൈസ്തവ വിശ്വാസവും പുലർത്തി പോരുന്ന മനോഭാവം ശരിയാണൊ? വിലയിരുത്തുക. (അധ്യായം 2).
2. 'കത്തോലിക്കർ വിഗ്രഹാരാധകരാണ്, അവർ രക്ഷിക്കപ്പെട്ടവരല്ല. എങ്ങനെയെങ്കിലും പെന്തകോസ്തു സമൂഹങ്ങളിൽ ചേർത്ത് അവരെ രക്ഷിക്കണം' എന്നാണ് പെന്തകോസ്തു പാസ്റ്റർമാർ അണികൾക്കു കൊടുക്കുന്ന നിർദ്ദേശം. നിങ്ങളുടെ ഇടവകയിൽപ്പെട്ടവരൊ, ഒരു പക്ഷെ നിങ്ങളുടെ സ്വന്തക്കാരോ തന്നെ ഈ അബദ്ധത്തിൽ പെട്ടിട്ടുണ്ടാകും. ഇത്തരം പ്രസ്ഥാനങ്ങളുടെ പോരായ്മകളും വെല്ലുവിളികളും എന്തെല്ലാമാണ്? അങ്ങനെയുള്ളവരുടെ കെണിയിൽ പെടാതിരിക്കാൻ വേണ്ട മുൻകരുതലുകൾ എന്തെല്ലാം? (അധ്യായം 3)
3. ബൈബിൾ ദൈവനിവേശിതഗ്രന്ഥം. കത്തോലിക്കാ കാഴ്ചപ്പാടിൽ ദൈവനിവേശനം എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഏതെല്ലാം? ദൈവനിവേശിതമായ ബൈബിൾ നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നാം ചെയ്യേണ്ടത് വിശദമാക്കുക. (അധ്യായം 6)
4. വിശ്വാസത്തിന്റെ സവിശേഷതകൾ ഏവയെന്നും അവിശ്വാസിയായ ഒരു സുഹൃത്തിനെ വിശ്വാസത്തിലേക്ക് നയിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കും എന്നു വിവരിക്കുക. (അധ്യായം 1)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **6**

5. 'വചനം ജീവദായകമാണ്'. വിശദമാക്കുക. (7/53)
6. സുഖലോലുപത ക്രൈസ്തവ ജീവിതപൂർണ്ണതയ്ക്ക് വിഘാതമാകുന്നതെങ്ങനെ? (4/32)
7. ആത്മീയ സമരത്തിൽ വിജയിക്കാൻ കൂദാശകളിലൂടെ ശക്തിപ്പെടണം. വിശദമാക്കുക. (5/39)

**ബൈബിൾ പഠനവും നമസ്കാരങ്ങളും.**

8. 'വിശ്വാസപ്രമാണ'ത്തിൽ നാം ഏറ്റുചൊല്ലുന്ന 12 വിശ്വാസ സത്യങ്ങൾ എഴുതുക. **2½**
9. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയുടെ പ്രാരംഭ പ്രാർത്ഥന എഴുതുക. **2½**
10. ''യേശു അവളോട് പറഞ്ഞു; ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.'' (യോഹ 11:25) വിചിന്തനം എഴുതുക. **2**
11. ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ'' ഏത് അധ്യായം? എത്രാം വാക്യം? **1½**
12. ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു'' കല്പന എന്താണ്? (യോഹ. 13:34) **1½**

**പൊതുചോദ്യങ്ങൾ**
**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **16**

13. ''കുമ്പസാരം ഒരു അലക്കു യന്ത്രമല്ല'' ഫ്രാൻസിസ് മാർപാപ്പ. നമുക്കുവേണ്ടി കാത്തിരിക്കുന്ന യേശുവുമായുള്ള സമാഗമമാണ് കുമ്പസാരക്കൂട്ടിൽ നടക്കുന്നത്. ശിക്ഷിക്കാനല്ല ദൈവം കുമ്പസാരകൂട്ടിൽ കാത്തിരിക്കുന്നത്. നാളേയും നാം ഇതു തന്നെ ചെയ്താലോ? വീണ്ടും പോകുക, വീണ്ടും വീണ്ടും പോകുക, മാർപാപ്പ കൂട്ടിച്ചേർത്തു. ഒരു നല്ല കുമ്പസാരത്തിനു നാം അണയേണ്ടത് എങ്ങനെയാണ്? വിവരിക്കുക.
14. നന്നായി ചിലവഴിച്ച ഒരു ദിനത്തിന്റെ അന്ത്യത്തിൽ നല്ല ഉറക്കം ലഭിക്കുന്നതുപോലെ, നന്നായി ജീവിച്ച ഒരു ജീവിതത്തിന് നല്ല മരണവും ലഭിക്കും. മരണമല്ലേ യഥാർത്ഥത്തിൽ എനിക്ക് മുമ്പിൽ സുനിശ്ചിതമായിട്ടുള്ളത്? ക്രിസ്തുവിൽ വിശ്വസിക്കുന്നവന്റെ മരണത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? 'മരണാനന്തര ജീവിതം' എന്നൊന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതാം. ഒപ്പം 'നീ' എടുക്കേണ്ട തീരുമാനങ്ങളും.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

മാർക്ക് : 50
10.30 am - 12.30 pm

## STD XII
## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ബൈബിളിൽ രേഖപ്പെടുത്താത്ത ദൈവീക വെളിപാടുകളെ നാം വിളിക്കുന്നതെന്ത്?
2. ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന ഒരു പ്രകൃത്യാതീയ സുകൃതമെന്ത്?
3. തന്നെക്കുറിച്ച് യഥാർത്ഥത്തിൽ ഉള്ളതിൽ കവിഞ്ഞ ധാരണകൾ ഒരുവൻ പുലർത്തുമ്പോൾ അവൻ അടിമയാകുന്ന വ്യക്തിത്വ വൈകല്യം?
4. ഭൗതീകവാദവും നിരീശ്വരവാദവും വർഗ്ഗസമരവും അടിസ്ഥാന തത്വങ്ങളായി സ്വീകരിച്ചിരിക്കുന്ന പ്രത്യയശാസ്ത്രം?
5. വിശുദ്ധ ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞത തന്നെയാണെന്ന് പഠിപ്പിച്ച വിശുദ്ധൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ''ദൈവം നമ്മുടെ പക്ഷത്താണെങ്കിൽ ആര് നമുക്ക് എതിരു നിൽക്കും'?
   (ഹെബ്രാ 4:12, റോമ 8:32, 2 തിമോ 3:16)
7. ഹീബ്രു ഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനം?
   (വുൾഗാത്ത, പ്ശീത്ത ബൈബിൾ, സെപ്ത്വജിന്ത് ബൈബിൾ)
8. 'വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്.' ഇപ്രകാരം നിർവചിക്കുന്ന ലേഖനം?
   (റോമ, ഹെബ്രായർ, 1 കോറിന്തോസ്)
9. ബൈബിളുമായി പരിചയമുള്ളവരായിത്തീരാനും അതു കൈവശം വയ്ക്കാനും യുവജനങ്ങളോട് പ്രത്യേക അഭ്യർത്ഥന നടത്തിയ മാർപാപ്പ?
10. 'മനുഷ്യന്റെ അന്ത്യം അവൻ തന്നെ; ചരിത്രത്തിന്റെ സ്രഷ്ടാവും വിധാതാവും മനുഷ്യൻ തന്നെ.' എന്ന് പഠിപ്പിക്കുന്ന അബദ്ധ സിദ്ധാന്തം?
    (ഹ്യൂമനിസം, യുക്തിവാദം, ഭൗതികവാദം)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക** 4

11. 'വിശ്വാസത്തിന്റെ അനുസരണം' എന്ന് വി.ഗ്രന്ഥം വിശേഷിപ്പിക്കുന്നത് എന്ത്?
12. ദൈവനിവേശനം എന്നാൽ എന്ത്?

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** 8

13. വിശ്വാസിഷ്ഠിത ജീവിതം നയിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
14. എന്താണ് വ്യർത്ഥാഭിമാനം? അത് വ്യക്തികളുടെ നാശത്തിനും ജനതകളുടെ ദുരന്തത്തിനും കാരണമാകുന്നതെങ്ങനെ?
15. തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന്റെ രണ്ടു തലങ്ങൾ വിശദമാക്കുക?

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

16. കേരളത്തിലെ പെന്തക്കോസ്തു സമൂഹങ്ങളുടെ വളർച്ചയും അവയുടെ പ്രധാന പോരായ്മകളും ഉയർത്തുന്ന വെല്ലുവിളികളും വിവരിക്കുക?

## PART - B

17. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 12/9 (നിങ്ങളുടെ സ്നേഹം.....) 1
18. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 10/13 (എന്തെന്നാൽ.....) 1
19. നിയമത്തിലധിഷ്ഠിതമായ നീതി നിറവേറ്റുന്നതിൽ വിജയിക്കാതിരുന്നത് ആരാണ്? 1
20. സീയോനിൽ നിന്ന് വിമോചകൻ വരുമ്പോൾ അധർമ്മം അകറ്റി കളയുന്നത് ആരിൽ നിന്ന്? 1
21. കരുണ കാണിക്കുന്നവൻ എപ്രകാരം വർത്തിക്കണമെന്നാണ് പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്? 1
22. പ്രകാശത്തിന്റെ നാലും അഞ്ചും രഹസ്യങ്ങൾ എഴുതുക. 3
23. പ.കന്യകാമറിയത്തിന്റെ ജപമാലയിലെ സമർപ്പണ പ്രാർത്ഥന എഴുതുക. 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** 6

24. ഓരോരുത്തർക്കും അർഹമായത് നൽകുന്നതാണ് നീതി. നീതിയും സത്യസന്ധതയും ദൈവീക സാമീപ്യത്തിന്റെ അടയാളങ്ങളാണ്. അഴിമതിയും ചൂഷണവും ദൈവനിഷേധത്തിന്റേയും.
25. ഭൂമിയോളം ക്ഷമയുള്ളവൻ ഭൂമിക്കടിയിലേക്കു താഴ്ത്തപ്പെടുകയല്ല മറിച്ച് ഭൂമി സ്വന്തമാക്കുകയാണ് ചെയ്യുന്നത്. വ്യക്തികളേയും കുടുംബങ്ങളേയും നേടാൻ ക്ഷമ ഒരുവന് ആയുധമാണ്.

**26. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

'പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അർത്ഥശൂന്യമാണ്.' മനുഷ്യനെ സ്നേഹിക്കുന്നവനേ ദൈവത്തേയും സ്നേഹിക്കാൻ കഴിയൂ. ഈ കാലഘട്ടത്തിന്റെ ആവശ്യം അപര കേന്ദ്രീകൃതമായ ആത്മീയതയാണ്. സമർത്ഥിക്കുക.

**27. ഇന്റേണൽ അസെസ്സ്മെന്റ്** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമുഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

# സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011 മാർക്ക് : 50

സമയം: 2 മണിക്കൂർ 10.30 am - 12.30 pm

## STD XII

## ഉത്തരസൂചിക

## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. വി.പാരമ്പര്യങ്ങൾ 6/46
2. വിശ്വാസം 1/12
3. വ്യർത്ഥാഭിമാനം 4/30
4. കമ്മ്യൂണിസം 2/19
5. വി.ജെറോം 7/54

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. റോമ 8:32 5/39
7. സെപ്ത്വജിത്ത് ബൈബിൾ 6/47
8. ഹെബ്രായർ 1/11
9. ബെനഡിക്ട് XVI 7/54
10. ഭൗതികവാദം 2/18

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** 4

11. 1/10 - 11
12. 6/48

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക (രണ്ടെണ്ണം)** **8**

13. 7/55 - 56
14. 4/30
15. 5/36 - 37

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

16. 3/24 - 26

## PART - B

17. റോമ 12/9 1
18. റോമ 10/13 1
19. ഇസ്രായേൽ (റോമ 9/31) 1
20. യാക്കോബിൽ നിന്ന് (റോമ 11/26) 1
21. പ്രസന്നതയോടെ (റോമ 12/8) 1
22. നമസ്കാരങ്ങൾ 3
23. നമസ്കാരങ്ങൾ 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** **6**

24. പൊതുചോദ്യം
25. പൊതുചോദ്യം

**26. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക**

പൊതുചോദ്യം 6

**27. ഇന്റേണൽ അസെസ്സ്മെന്റ് (വചനദീപം പേജ് 50 കാണുക)** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തിയശേഷം വികാരിയച്ചന്റെ അംഗീകാരത്തോടുകൂടി അധ്യാപകൻ മാർക്ക് നൽകേണ്ടതാണ്. മാർക്കിടേണ്ട മാനദണ്ഡം Excellent-5, Very good 4-5, Good 3-4, Average 2-3, Below Average 1-2